"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- ദുരന്തസാധ്യതയുള്ള മേഖലയിൽ താമസിക്കുന്ന തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ തെക്കുംകര വില്ലേജ് തെരുവിൽ ഐഷാബി എന്ന വ്യക്തിയ്ക്ക് വസ്തു വാങ്ങി വീട് വയ്ക്കുന്നതിന് തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.655/2024/DMD തീയതി,തിരുവനന്തപുരം, 06-09-2024

---

പരാമർശം:-
1. സ.ഉ.(സാധ)നം.520/2019/ഡിഎംഡി തീയതി 19.08.2019
2. സ.ഉ.(കൈ)നം.25/2019/ഡിഎംഡി തീയതി 23.08.2019
3. തൃശ്ശൂർ ജില്ലാകളക്ടറുടെ 16/03/2024 ലെ ഡിസിറ്റിഎസ്ആർ/2604/2024 നമ്പർ കത്ത്

**ഉത്തരവ്**

ദുരന്തസാധ്യതയുള്ള മേഖലയിൽ താമസിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിനായി നിയോഗിച്ച വിദഗ്ധ സംഘം കണ്ടെത്തിയ കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ തെക്കുംകര വില്ലേജ് തെരുവിൽ ഐഷാബി എന്ന വ്യക്തിയ്ക്ക് ദുരന്ത ബാധിത പ്രദേശത്ത് നിന്ന് മാറി താമസിക്കുന്നതിനായി 10 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിക്കണമെന്ന് തൃശ്ശൂർ ജില്ലാകളക്ടർ പരാമർശം(3) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.ഐഷാബി വാസയോഗ്യമായ ഭൂമി കണ്ടെത്തി ആധാരം ചെയ്ത രേഖകൾ ഹാജരാക്കിയിട്ടുള്ള സാഹചര്യത്തിൽ പരാമർശം(2) ലെ ഉത്തരവ് പ്രകാരം ശ്രീമതി. ഐഷാബിയ്ക്ക് ദുരന്ത ബാധിത പ്രദേശത്ത് നിന്ന് മാറി താമസിക്കുന്നതിനായി വസ്തു വാങ്ങി വീടും നിർമ്മിക്കുന്നതിനുള്ള തുകയായ 10 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഭിലാഷ് എസ്
അണ്ടർ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ, തൃശ്ശൂർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
റവന്യൂ(ഡിആർഎഫ്) വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sivaprasad V N

സെക്ഷൻ ഓഫീസർ

Date: 06-09-2024 15:38:30